**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2954** **21.08.2017 ൽ മറുപടിയ്ക്ക്**

**"പഴങ്ങളിലെയും പച്ചക്കറികളിലെയും മാരക വിഷാംശം "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ റഹീം | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന അതിർത്തി കടന്നു വരുന്ന പഴങ്ങളിലും പച്ചക്കറികളിലും മാരക വിഷാംശം അടങ്ങിയിട്ടുള്ളതായ റിപ്പോർട്ടുകൾ കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അതിർത്തിയിൽ ഇത്തരം ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാ പഴങ്ങളുടേയും പച്ചക്കറികളുടേയും സാമ്പിളുകൾ സംസ്ഥാന അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കാറുണ്ട്. മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് പരിശോധനാഫലം മൂന്ന് മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തുന്നുണ്ട്. ഇതു സംബന്ധിച്ച് വ്യാപകമായ പരസ്യങ്ങൾ പത്രദൃശ്യമാധ്യമങ്ങളിൽ നൽകി വരുന്നുണ്ട്. ഇതു പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും സ്വന്തമായി കൃഷിയിലേയ്ക്ക് തിരിയുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**